**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2757** **22-01-2021 - ൽ മറുപടിയ്ക്ക്**

**മാംസ സംസ്കരണ ഫാക്ടറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി. ഡി. ദേവസ്സി | | **Shri. K Raju**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | ചാലക്കുടി മണ്ഡലത്തിലെ പരിയാരം ഗ്രാമപഞ്ചായത്തിലെ എം.പി.ഐ വക സ്ഥലത്ത് എന്തെങ്കിലും പദ്ധതികൾ നടപ്പാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ചാലക്കുടിയിൽ പരിയാരം വില്ലേജിലെ എം.പി.ഐ വക സ്ഥലത്ത് ഒരു കാള്/പോത്ത് കിടാരി വളർത്തൽ കേന്ദ്രം 1950 ലക്ഷം രൂപ മുതൽമുടക്കിൽ തുടങ്ങാനുള്ള ഭരണാനുമതി 19-09-2018-ൽ സർക്കാർ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. നബാർഡിന്റെ സാമ്പത്തിക സഹായം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കാൻ കഴിയും. 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഈ പദ്ധതി നടപ്പിലാക്കാൻ തുക വകകൊള്ളിച്ചിട്ടുണ്ട്. |
| (ബി) | മാംസ സംസ്കരണ ഫാക്ടറി ഉൾപ്പെടെയുള്ള പദ്ധതികൾ ഗ്രാമ പഞ്ചായത്തിന്റെ സഹകരണത്തോടെ സുതാര്യമായി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | മാംസസംസ്കരണ ഫാക്ടറി ഈ സ്ഥലത്ത് സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്നെങ്കിലും 'റെഡ് ഇൻഡസ്ട്രി' യിൽ ഉൾപ്പെട്ടതാകയാൽ ആ പദ്ധതി കസ്തൂരിരംഗൻ റിപ്പോർട്ട് പ്രകാരം പരിസ്ഥിതിലോലപ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ള പ്രസ്തുത ഭൂമിയിൽ സ്ഥാപിക്കാൻ സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ